മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) വ്യത്യസ്തങ്ങളായ കാർഡുകൾ ഏർപ്പെടുത്തുന്നതുമൂലം സാമാന്യ ജനങ്ങൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച UIDAI-യിലൂടെ നടപ്പിലാക്കുന്ന ആധാർ കാർഡ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച് കേരളത്തിലെ ഏകദേശം തൊണ്ണൂറിയഞ്ച് ശതമാനം ജനങ്ങളെ ആധാർ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ബി) വിശകലനം ചെയ്തിട്ടില്ല. പൊതുജനങ്ങൾക്ക് സാധാരണ തിരിച്ചറിയൽ കാർഡ് നൽകിയത് കൊണ്ടുമാത്രം തിരിച്ചറിയൽ പ്രക്രിയ സുഗമമാവില്ല. ആയത് കൂടെ കരുതുകയും വേണം. ആധാർ ഒരു ബയോമെട്രിക് തിരിച്ചറിയൽ നമ്പർ ആകയാൽ മറ്റ് തിരിച്ചറിയൽ കാർഡുകളെക്കാൾ സൗകര്യപ്രദമാണ്.

(സി) ഒരു പൗരന് ഒരു സമ്പൂർണ്ണ കാർഡ് എന്ന ആധാർ കാർഡ് പദ്ധതി പൂർണ്ണ തോതിൽ നടപ്പിൽ വരുമ്പോൾ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ

5 (T*155) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ തമിഴ്നാട് ലംഘിക്കുന്നതിന്റെയും കേരളത്തിൽ തുടർച്ചയായുണ്ടാകുന്ന രൂക്ഷമായ വരൾച്ചയുടെയും പശ്ചാത്തലത്തിൽ പുനരവലോകനം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ബി) കരാർ ലംഘനവുമായി ബന്ധപ്പെട്ട് കേരളം സുപ്രീം കോടതിയിൽ ഹർജി നല്കിയിട്ടുണ്ടോ ; എങ്കിൽ ഹർജിയിലെ പ്രധാന ആവശ്യവും കേസിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ ;

(സി) മുല്ലപ്പെരിയാർ പ്രശ്നവും പറമ്പിക്കുളം ആളിയാർ കരാറുമായി ബന്ധപ്പെടുത്തി തമിഴ്നാടുമായി ചർച്ച നടത്തി സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ ഇടപെടൽ നടത്തുമോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ 1988 മുതൽക്കു തന്നെ ആരംഭിച്ചുകഴിഞ്ഞു. തമിഴ്നാടുമായി നടത്തിയിട്ടുള്ള നിരവധി ചർച്ചകളിൽ, വിവിധ വിഷയങ്ങളിൽ ഇരുസംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരാത്തതുകൊണ്ട് കരാർ പുനരവലോകനം ഫലപ്രാപ്തിയിലെത്തിയിട്ടില്ല. എന്നാൽ തുടർ ചർച്ചകൾ നടത്തി കഴിവതും വേഗം പ്രസ്തുത കരാർ പുനരവലോകനം ചെയ്യണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്.

(ബി) ഉണ്ട്. 2012-13 ജലവർഷത്തിൽ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ (പി.എ.പി.)നിന്നും ലഭിച്ചിട്ടില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനത്തിനെതിരെ കേരളം തമിഴ്നാടിനെതിരായി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (O.S.No.2 of 2013) ഒരു ഇടക്കാല ഹർജിയും (I.A.No.1/13) ഫയൽ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ അസ്സൽ അന്യായത്തിലും ഇടക്കാല ഹർജിയിലും കേരളം ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ യഥാക്രമം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മേൽ സൂചിപ്പിച്ച അസ്സൽ അന്യായത്തിന്മേലുള്ള എതിർ സത്യവാങ്മൂലം 2014 ഒക്ടോബർ മാസത്തിൽ തമിഴ്നാട് ഫയൽ ചെയ്യുകയുണ്ടായി. തമിഴ്നാടിന്റെ എതിർ സത്യവാങ്മൂലത്തിനുള്ള മറുപടി 16-4-2015 ന് കേരളം ഫയൽ ചെയ്യുകയുണ്ടായി. കേസ് പരിഗണിക്കുന്ന അടുത്ത തീയതി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറുമായി ബന്ധപ്പെട്ട് 6-8-2014-ന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ, മുല്ലപ്പെരിയാറിലെ പുതിയ ഡാമിന്റെ നിർമ്മാണമെന്ന കേരളത്തിന്റെ പ്രധാന ആവശ്യം മറ്റ് പ്രധാനപ്പെട്ട അന്തർസംസ്ഥാന ജല വിഷയങ്ങളുമായി ബന്ധപ്പെടുത്തി ഒരു പാക്കേജ് ആക്കി അതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ നടത്താനാവുമോ എന്നതിന്റെ സാദ്ധ്യത കൂടി പരിശോധിക്കണമെന്ന കാര്യത്തിൽ ധാരണയായിരുന്നു. എന്നാൽ അന്തർസംസ്ഥാന ജലവിഷയങ്ങളിൽ നിരവധി കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ, ഇതിന്റെ നിയമവശങ്ങൾ കൂടി വിശദമായി പഠിച്ചശേഷമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ച് ഉചിതമായ തുടർനടപടികൾ താമസംവിനാ സ്വീകരിക്കാനാണുദ്ദേശിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly